രഘുവിന് സ്പെഷ്യൽ ഒളിംപിക്സിൽ പങ്കെടുക്കുന്നതിന് അവസരം

13 (1164) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ ആനപ്പാറയിലുള്ള മേഴ്സിഹോമിൽ പഠിക്കുന്ന മന്ദബുദ്ധിയും പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടതുമായ രഘുവിന് 2001 മാർച്ചിൽ അമേരിക്കയിൽവച്ച് നടക്കുന്ന മന്ദബുദ്ധികൾക്കായുള്ള സ്പെഷ്യൽ ഒളിംപിക്സിൽ ഫ്ളോർ ഹോക്കി ടീമിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിന് അവസരം ലഭിച്ചതിനെ തുടർന്ന് ആയതിലേയ്ക്കുള്ള ചെലവ് നൽകണമെന്നു കാണിച്ച് 2000 ഡിസംബർ 7-ാം തീയതി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക സഹായം അനുവദിച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി കാരണം ഇപ്പോൾ സഹായം നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇക്കാര്യം കായിക യുവജനക്ഷേമ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹോക്കി കോച്ച്

14 (1165) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹോക്കി കോച്ചായി 1995 ജൂലായ് മാസം മുതൽ താല്ക്കാലിക നിയമന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന സി. സതീശന്റെ ജോലിയിലുള്ള കാര്യക്ഷമത സംബന്ധിച്ച് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) സി. സതീശൻ, തിരുവനന്തപുരം ജി. വി. രാജ സ്പോർട്സ് സ്കൂളിൽ നിന്നും പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായതിനുശേഷം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ബാംഗ്ലൂരിലുള്ള സതേൺ സെന്ററിൽ നിന്നും ഹോക്കിയിൽ ഡിപ്ലോമ കരസ്ഥമാക്കിയ കേരളത്തിലെ ആദ്യത്തെ പട്ടികവർഗ്ഗ വിഭാഗക്കാരനാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിലെ ഏക പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഹോക്കി കോച്ചാണെന്ന പരിഗണന വച്ചും സതീശന്റെ സേവനം പരിഗണിച്ചും ഇദ്ദേഹത്തെ ഹോക്കി കോച്ചായി സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. സതീശന്റെ ജോലിയിലുള്ള കാര്യക്ഷമത സംബന്ധിച്ച് റിപ്പോർട്ട് നല്കണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(ബി) ഉണ്ട്.

(സി) ശ്രീ. സതീശനെ ഇപ്പോൾ കരാർ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ടിയാനെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൂർത്തിയാക്കുവാനുള്ള വൻകിട ജലസേചന പദ്ധതികൾ

15 (1166) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ ഏതെങ്കിലും വൻകിട ജലസേചന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) 1996-നും 2000-നും ഇടയിൽ പണികൾ നടന്നുവന്നിരുന്ന ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാം ;

(ഡി) അവ ഓരോന്നിന്റെയും പണി എത്രത്തോളം പൂർത്തിയായിട്ടുണ്ട് ;

(ഇ) അവശേഷിക്കുന്ന പണികൾ എന്നത്തേയ്ക്ക് പൂർത്തിയാകും ; ഇതിനായി എന്തുതുക ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 1996-നും 2000-നും ഇടയ്ക്ക് പണികൾ നടന്നുവന്നിരുന്ന വൻകിട ജലസേചന പദ്ധതികളായ കല്ലട, മൂവാറ്റുപുഴ, ഇടമലയാർ, കുരിയാർകുറ്റി-കാരപ്പാറ, പഴശ്ശി എന്നിവയുടെ പണികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്.

(ഡി) കല്ലട ജലസേചന പദ്ധതിയുടെ 96 ശതമാനവും മൂവാറ്റുപുഴ പദ്ധതിയുടെ 62 ശതമാനവും പണികൾ പൂർത്തിയായിട്ടുണ്ട്. ഇടമലയാർ പദ്ധതിയുടെ 25 ശതമാനം പണിപൂർത്തിയായിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ കനാൽ ഇംപ്രൂവ്മെന്റ് പണികൾ ഒഴികെയുള്ള എല്ലാ പണികളും പൂർത്തിയായിട്ടുണ്ട്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ പണികൾ പ്രാരംഭഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly